
LITTLE DREAMS
GHSS KALLACHI
IT Magazine

# ആമുഖം

വിവര സാങ്കേതിക വിദ്യ ലോകത്തെ നമ്മുടെ കൈക്കുമ്പിളിലൊതുക്കിത്തരുന്ന ഇക്കാലത്ത് സർഗ്ഗാത്മക രചനയുടെ തലത്തിലേക്കും" ലിററിൽ കൈറ്റ്സ്" അതിന്റെ നിറപ്പകിട്ടാർന്ന ചിറകുകൾ വിരിയിക്കുകയാണ്.കഴിഞ്ഞ രണ്ട് വർഷത്തോളമായി കേരളത്തിലെ ആയിരക്കണക്കിന് വിദ്യാർത്ഥികളെ വിവര സാങ്കേതിക വിദ്യയുടെ നിലവാരത്തിലേക്ക് കൂട്ടിക്കൊണ്ടു പോയിക്കൊണ്ടിരിക്കുന്ന മഹത്തായ ഒരു സർക്കാർ പദ്ധതിയാണ് " ലിററിൽ കൈറ്റ്സ്".തുടക്കക്കാരെന്ന നിലയിൽ കല്ലാച്ചി ഗവ:ഹൈസ്കൂൾ വിദ്യാർത്ഥികൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുകയാണ്.ആദരണീയരായ ഗുരുജനങ്ങളുടേയും പ്രിയങ്കരരായ സഹപാഠികളുടേയും അനുഗ്രഹാശിസ്സുകൾ ഞങ്ങൾക്ക് വേണം.ഈ ചെറിയ ഉദ്യമത്തിലേക്ക് ഞങ്ങളെ കൈ പിടിച്ചുയർത്തുകയും ഞങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാവരോടും ഞങ്ങൾ ഹൃദയപൂർവ്വം നന്ദി അറിയിക്കട്ടെ.

സസ്നേഹം

എഡിറ്റോറിയൽ ബോർഡ്.

# പേജുകളിലൂടെ


| | | |
|---|---|---|
| 1.ലിറ്റിൽ കൈറ്റ്സ് | കവിത | വിശ്വനാഥൻ |
| 2 മാതൃസ്നേഹം | കഥ | അനാമിക |
| 3 കടൽ | കവിത | മാളവിക |
| 4 പ്രകൃതി വാതിലിലെ തേൻകുരുവി | കഥ | |
| 5 Ruins | കവിത | ഷീബ |
| 6 കൊതുക പുരാണം | കവിത | ദേവാഞ്ജന |
| 7 അവൻ | കവിത | അവിനവ് |
| 8 അമ്മ | കവിത | മുഹമ്മദ് കെടി |
| 9 ചിത്രം | | കാവ്യശ്രി |
| 10 FROM BUDHA | കവിത | ജോൺസൻ ജോർജ് |
| 11 ചിത്രം | | അമയ രാജീവ് |
| 12 ചിത്രം | | മാളവിക |
| 13 ഹംപിയിലേക്കൊരു യാത്ര | യാത്രാനുഭവം | അമയ അശോക് |
| 14 ചിത്രം | | അമയ എംഎം |
| 15 തുള്ളൽ പാട്ട് | കവിത | അഭിനവ് കെ |

# ആശംസ

## ശ്രീ പി കെ കുഞ്ഞമ്മദ്

### ഹെഡ്മാസ്റ്റർ  ഗവ:ഹൈസ്കൂൾ കല്ലാച്ചി



ഈ വർഷം സുദീർഘമായ അധ്യാപന ജീവിതത്തിൽ നിന്ന് വിട പറയാനൊരുങ്ങുന്ന എനിക്ക് കല്ലാച്ചി ഗവ:ഹൈസ്കൂൾ വിദ്യാർത്ഥികൾ നൽകുന്ന സ്നേഹോപഹാരമായി ഞാൻ ഈ ഡിജിറ്റൽ മാഗസിനെ കാണുന്നു.സാധാരണക്കാരിൽ അസാധാരണക്കാരായി ഈ പൊതു വിദ്യാലയത്തിലെ വിദ്യാർത്ഥികൾ മാറുന്നതിൽ ഞാൻ അഭിമാനിക്കുന്നു.ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും എന്റെ സഹപ്രവർത്തകർക്കും എല്ലാ ആശംസകളും നേരുന്നു.



# ലിറ്റിൽ കൈറ്റ്സ്

അദ്ധ്യയനത്തിൻ പുതുനഭസ്സിൽ
അറിവിന്റെ നിറവാർന്ന താരകം
കൺതുറന്നെതിരേൽക്കവേ...
എൻ മനമൊരു ചെറുപട്ടമായ്
വിവരസാങ്കേതികതയുടെ നിറവിൽ
കുട്ടിക്കൂട്ടമായ് സപ്തവർണ്ണരാജികൾ
വിടർത്തുന്നൊരിന്ദ്രധനസ്സായ്
പടരാൻ കൊതിച്ചുപോയ്...

*വിശ്വനാഥൻ വി വി*

# മാതൃസ്നേഹം



അസ്തമയ സൂര്യന്റെ കിരണങ്ങൾ കടലിലേക്ക് പതിക്കുന്നതും നോക്കി അച്ഛന്റെയും അമ്മയുടേയും കൈപിടിച്ച് കടൽ കരയിലൂടെ നടന്നു നീങ്ങുമ്പോൾ എന്തുകൊണ്ടെന്നറിയില്ല പെട്ടന്ന് എന്റെ മനസ്സിലേക്ക് എന്റെ പഴയ കൂട്ടുക്കാരി ഇന്ദുവിന്റെ മുഖമാണ് ഓടിവന്നത് അതുവരെ ഉണ്ടായിരുന്ന എന്റെ സന്തോഷങ്ങളെല്ലാം എവിടെയോ പോയിമറഞ്ഞു. എന്റെ അച്ഛനമ്മമ്മാർ എന്നെ സ്നേ്ഹിക്കുന്നതുപോലെ എന്തുകൊണ്ടാണ് അവളുടെ അച്ഛനമ്മമ്മാർക്ക് കഴിയാത്താത്. അവൾ പറഞ്ഞ ഓരോ സംഭവങ്ങളും ഓർത്തപ്പോൾ എനിക്ക്തോന്നി അവർ അവളെ  സ്നേ്ഹിക്കാഞ്ഞിട്ടല്ലല്ലോ അവളുടെ അച്ഛമ്മ സമ്മതിക്കാഞ്ഞിട്ടാണല്ലോ എന്ന് .അവളുടെ അച്ഛൻ  അമ്മയെ സ്നേഹിച്ച് വിവാഹം കഴിച്ചതിന്റെ പേരിൽ ജീവിതകാലം മുഴുവൻ ഒരു ശത്രുവിനോടെന്നപോലെയായിരുന്നു അച്ഛമ്മ പെരുമാറിയത്. എത്ര സനേഹത്തോടെ അവളുടെ അമ്മ അച്ഛമ്മയോട് പെരുമാറിയാലും അവർ തൊട്ടതിനും പിടിച്ചതിനും വഴക്കുണ്ടാക്കും .ആരും കാണാതെ എവിടെയെങ്കലും പോയിരുന്നു കരയുന്നഅമ്മയെയാണ് അവൾ എപ്പോഴും കണ്ടിട്ടുള്ളൂ. വിട്ടിലേക്ക് കയറി വരുമ്പോൾ എപ്പോഴും കേൾക്കുന്ന വഴക്കു കാരണം അതിനുള്ള മോചനത്തിനായി അച്ഛൻ ഒരു മദ്യപനിയായി മാറി .തീരെ സഹിക്കാതായപ്പോൾ സ്വന്തം മകളെ അച്ഛന്റെ വിട്ടിൽ നിർത്തി അവളുടെ അമ്മയ്ക്ക് സ്വന്തം വിട്ടലേക്ക്  പോവേണ്ടി വന്നു. പിന്നിട് അമ്മയോടുള്ള ദേഷ്യവും

അച്ഛമ്മ തീർത്തത് അവളോടായിരുന്ന ഭക്ഷണം പോലു ഉണ്ടാക്കികൊടുക്കില്ല .സ്കൂളിൽ നിന്ന് വന്ന് ഭക്ഷണത്തിന് ഇരുക്കുമ്പോൾ അച്ഛമ്മ പറയു സമയത്ത് ഭക്ഷണമുണ്ടാക്കിതരാൻ നിന്റെ അമ്മയൊന്നുമില്ല. വേണങ്കിൽ തന്നത്താൻ ഉണ്ടാക്കി കഴിച്ചോ എന്ന് .അമ്മയെ കുറിച്ചോർത്ത് കരയാനല്ലാതെ അവൾക്ക് കഴിയുമായിരുന്നില്ല. എന്നു അവൾ ആഗ്രഹിക്കാറുണ്ട് അമ്മയെ ഒന്നുകാണാൻ ഒരു ദിവസം പതിവുപോലെ സ്കൂളിന്റെ കോണിപടിയിൽ സങ്കടത്തോടെ തന്നെയും കാത്തിരുന്ന അമ്മയെ അടക്കാനാവാത്ത സന്തോഷത്തോടെ അമ്മയുടെ അടുത്തേക്ക് ഓടിയെത്തിയ അവളെ കെട്ടിപിടിച്ച് പൊട്ടികരഞ്ഞുകൊണ്ട് അമ്മ നിന്നു ഈ ലോകത്തെ ദുഃഖം മുഴുവൻ അവളുടെ അമ്മയുടെ മുഖത്തുണ്ടായിരുന്നു .പിന്നെ അമ്മ പറഞ്ഞു നന്നായി പഠിക്കണം എല്ലാവരേയും സ്നേഹിക്കണം അച്ഛമ്മയോട് വഴക്കൊന്നുമുണ്ടാക്കരുത് അച്ഛമ്മ പറയുന്നതെല്ലാം അനുസരിക്കണം എല്ലാം പറഞ്ഞു കഴിഞ്ഞപ്പോൾ അവളുടെ കൈയിൽ കുറെ മിഠായിയും വച്ചുകൊടുത്തു .കണ്ണീരോടെ അമ്മ കണ്ണിൽ നിന്ന് മറായുന്നതും നോക്കി വേദനയോടെ അവൾ നിന്നു. എങ്ങനെയാണ് അച്ഛമ്മയെ അമ്മയ്ക്ക് ഇത്രയും സ്നേഹിക്കാൻ കഴിയുന്നത് എന്നാണ് അവൾ ഓർക്കുന്നത് .ഈലോകത്ത് ശ്വാശ്വതമായ സത്യം ഒന്നു മാത്രമേ ഉള്ളു ദ്രോഹിച്ചവരെ പോലും സ്നേഹിക്കാൻ കഴിയുന്ന മാതൃസ്നേഹം .

*അനാമിക .കെ 8 D*

# കടൽ



അലയടിച്ചുയരുന്ന ഓളങ്ങളും
കളകളം പാടുന്ന തിരകളും നിറഞ്ഞതാണെൻ മനസ്സ്
ദുരിതങ്ങളാം ചുഴികൾ
എന്നെ കൊത്തി വലിക്കുന്ന മീനുകൾ
എന്തേ ഈ സാഗരം ജീവിതത്തിന് തുല്യമല്ലേ ?
എൻ മോഹങ്ങൾ ഈ കടൽ പോലെ ഒഴുകുന്നു....
മാറുന്നു......
ബാല്യത്തിൽ മധുരം നുണഞ്ഞ്
വിരഹനൊമ്പരത്തിൻ വിഷാദഗാനമാലപിച്ച്
യൗവ്വനത്തിൻ അധ്വാനത്തെ ഓർമ്മിപ്പിച്ച്
വാർധക്യത്തിൻ കഷ്ടതകളോർത്ത്
അവൾ എന്നും കഴിയുന്നു
അവൾ എനിക്കൊരു ലഹരിയാണ്
അവളുടെ സ്വരം എനിക്കൊരു പ്രേരണയാണ്
എങ്കിലും ഭയാശങ്കകളാൽ ഇന്നീ സ്വരവും മാറുന്നു
ക്രൂരനാം മനുഷ്യന്റെ തെറ്റുകൾ കാരണം
അവളുടെ രൗദ്രഭാവം മനുഷ്യന് കാണേണ്ടി വരുന്നു
എന്തിനീ ക്രൂരത ?
നിന്റെ ജീവിതവും
അനന്തസാഗരവും ഒന്നാണ്
സർവശക്തൻ കനിഞ്ഞു നൽകിയത്

കടലിലെ ചുഴികൾ.....

നിന്റെ ജീവിതത്തിലെ വ്രണങ്ങൾ...

കടലിന്റെ മധുരഗാനം...
നിന്റെ ജീവിതത്തിലെ മധുരസ്മരണകൾ

കടലിന്റെ ഒഴുക്ക്....
നിന്റെ ജീവിതയാത്ര

കടലിലെ ജീവജാലങ്ങൾ...
നിന്റെ ജീവിതത്തിൽ കടന്നുവന്ന മറ്റു ജീവിതങ്ങൾ

കടലിന്റെ തേങ്ങൽ...
നിന്റെ ജീവിതത്തിന്റെ അന്ത്യം
പിച്ചിച്ചീന്തപ്പെട്ട പെൺമനസ്സിനു തുല്യം
അടിച്ചമർത്തപ്പെട്ട പാവങ്ങൾക്കു തുല്യം
അറ്റുപോകാത്ത ചേതനയുള്ള ഒരു ശവമായ്
ഈ സൗന്ദര്യവുമായ് കടൽ ജീവിക്കുന്നു.
പക്ഷെ നീ എന്നും ലോകത്തിന് ആശ്ചര്യമാണ്
ആഹ്ലാദമാണ്
കുഞ്ഞുമനസ്സുകളിൽ വിസ്മയവുമാണ്.
ക്ഷമക്കർഹനല്ല മനുഷ്യൻ
എങ്കിലും ചോദിക്കുന്നു 'ക്ഷമ തരൂ'....
സാഗരമേ നീ
എന്റെ പ്രതീക്ഷകൾക്ക്, ജീവിതത്തിന് തുല്യമാണ്...

*മാളവിക .G S.8A*

# പ്രകൃതിവാതിലിലെ തേൻകുരുവി

ഉദയസൂര്യന്റെ കത്തി ജ്വലിക്കുന്ന പ്രകാശം ജനൽ വാതിലിലൂടെ അവൾക്ക് സ്വപ്നലോകത്തിൽ നിന്ന് ഭൂമിയിലെത്താൻ വഴികാണിച്ചുകൊടുത്തു.
ജനലിൽ തട്ടിവിന്ന പ്രകാശം അവളെ എഴുന്നേൽക്കാനുള്ള അലസതയിൽ നിന്നും പിന്മാറ്റിയിരുന്നു വീടിന്റെ ജനൽ വാതിലുകളെ പുറത്തേക്ക് തള്ളിയിട്ട് അവൾ ഇളം മഞ്ഞകലർന്ന പ്രകൃതിയെ ആസ്വദിച്ചു.പെട്ടെന്നുള്ള മധുര സ്വരം അവളെ ചിന്തകളിൽ നിന്ന് ഉണർത്തി.മുറ്റത്തോടു ചേർന്നുള്ള പറമ്പിലെ ഒരു മരത്തിന്റെ ശാഖയിൽ രണ്ട് തേൻകുരുവികൾ മധുര സ്വരത്തിൽ പാടുകയാണ്.ഓരോ പുലരിയും അവൾക്ക് ആ കാഴ്ച തന്നെ സമ്മാനിച്ചു.പിന്നീട് അവൾ ആ കാഴ്ചയെ ഇഷ്ടപ്പെടാൻ തുടങ്ങി. കിളികളും അവളും വളരെ വേഗത്തിൽ അടുപ്പത്തിലായി.കുരുവികൾക്ക് ഭക്ഷണവും വെള്ളവും നൽകാൻ അവൾ പിന്നീട് മറന്ന ദിവസം ഉണ്ടായിരുന്നില്ല.അവൾ നല്കുന്ന ഒരിത്തിരി വെള്ളത്തിനും അൽപ്പം ധാന്യ മണികൾക്കും കുരുവികൾ കാത്തു നിന്ന് തുടങ്ങി.ദിവസങ്ങൾ കടന്നു പോയി.അവൾ താമസിച്ചിരുന്ന ഗ്രാമം പതുക്കെ പട്ടണത്തിലേക്ക് ചുവടു വെച്ചു.
പിന്നിടുള്ള പ്രഭാതങ്ങൾ അവളെ സന്തോഷങ്ങളിൽ നിന്ന് അടർത്തിമാറ്റി ജീവജാലങ്ങളുടെ മധുര സ്വരങ്ങൾക്കിടയിൽ വാഹനങ്ങളുടെ കലഹ ശബ്ദങ്ങൾ.വീടിന് അടുത്തുള്ള പ്രദേശങ്ങൾ പട്ടണമായി മാറി.അതൊക്കെ അവളെ

വിഷമിപ്പിച്ചെങ്കിലും അവൾ പ്രകൃതിയുമായി സന്തോഷത്തിലായിരുന്നു. തേൻകുരുവികളെ ശ്രദ്ധിക്കാനും മറന്നില്ല. ഒരു ദിവസം അവൾ കൂടിനടുത്തേക്ക് പോയപ്പോൾ ഒരു നല്ല കാഴ്ച അവൾക്ക് കാണാൻ സാധിച്ചു. കുരുവികളുടെ കൂട്ടിൽ കുഞ്ഞു മുട്ടകൾ. ഓരോ സന്തോഷവാർത്തയും പോലെ ആ വാർത്തയും അവൾ അമ്മയുമായി പങ്കു വെച്ചു. എന്നാൽ അവളുടെ സന്തോഷം അമ്മയെ ദിവസം തോറും വേദനയിലാഴ്ത്തി. സ്കൂളിൽ പോകുന്ന  വഴിയിൽ അവൾ സ്വന്തം ഗ്രാമത്തെ സൂക്ഷിച്ച് നോക്കി. ജലാശയങ്ങളും മരങ്ങളും പൂക്കളും നഷ്ടപ്പെട്ട ഒരുഗ്രാമം. പിന്നീടുള്ള ദിവസങ്ങളിൽ അസഹ്യമായ ചൂട് അനുഭവപ്പെട്ടു തുടങ്ങി. ഗ്രാമത്തിലപ്പോൾ അവശേഷിക്കുന്നത് തന്റെ വീടിനടുത്തുള്ള പ്രകൃതി ഭംഗി മാത്രമാണെന്ന് അവൾക്ക് തോന്നി. ഒരു ദിവസം തേൻകുരുവികളുടെ മുട്ടകൾ വിരിഞ്ഞു. അന്ന് അവൾ സ്കൂളിലെ അവസാന മണിയടിക്കായി കാതോർത്ത് നിന്നു. സ്കൂൾ വിട്ടതിനു ശേഷം സ്കൂളിലെ ഭക്ഷണപ്പുരയിൽ നിന്നും അരി മണികൾ മുറുകെ പിടിച്ച് അവൾ വീട്ടിലേക്കോടി. രണ്ടായി മുറിഞ്ഞ മരങ്ങൾക്കിടയിൽ പക്ഷിക്കുഞ്ഞുങ്ങൾ ജീവൻ പോയ നിലയിൽ. കുരുവികൾ ദയനീയമായി കരഞ്ഞു. അമ്മു നിശ്ചലമായിരുന്നു. അരി മണികൾ ചിതറി വീണു. അസ്തമ സൂര്യൻ അത് നോക്കി നിൽപ്പുണ്ടായിരുന്നു.

# Ruins



*Walking alone is like treading*
*The ruins of a forgotten age*
*Like following a shadow*
*Which was never real*
*Like creeping through a tunnel*
*Which literally leads nowhere*

*walking alone can make you humble*
*you find  a broken arm*
*Among the age old stones*
*A lonely plant trying to survive*
*Holding  tight to a stony  structure*
*She knows the miracle of being alive*

*walking alone is sometimes so easy*
*For you are forever released*
*All the path leads to the vast blue sky.*
*Behind the stone still corridor,*
*Across the river, the stars shine blurred*
*And the overflowing emptiness echoes*

*Sheeba.T K*



# കൊതുക പുരാണം

നമ്മുടെ നാട്ടിൽ കൂട്ടതല്യളൊരു കൊതുകിൻ
കഥയത് പാടി രസിക്കാം
വീടുകൾ നാടുകൾ
ജില്ലകൾ തോറും കൊതുകമയം
കൊതുകിൻ കടിയതു കൊണ്ടാലോ
തുള്ളാത്തവനും തുള്ളിപ്പോകും
മലമ്പനി ചിക്കൻ ഗുനിയ
പേരിലതു വേറയുമുണ്ടേ
നാട്ടിൽ പലതര രോഗങ്ങളുമായി
പാറി നടക്കും കൊതുകകെളല്ലാം
ഉറങ്ങുന്നവനേ പാടിയുറക്കും
ഉറങ്ങുന്നവനേ കുത്തിയുണർത്തും
കൊതുകകൾ പെരുകാൻ കാരണമായത്
കണ്ടെത്താനായി സമിതികൾ വന്നു
കാടുകൾ തോടുകൾ കനാലുകളും
പ്ലാസ്ററിക്കുകളായി അടിയുന്ന
ഓവുകളിലെ വെള്ളത്തിലും
കൊതുകിൻ മുട്ടകൾ വിരിയുന്ന
മാലിന്യം നീക്കവാൻ ഓടകൾ നന്നാക്കാൻ

ഫണ്ടില്ല പണമില്ല പഞ്ചായത്തോഫീസിൽ
ചൈനാക്കാരുടെ ബാറ്റും വാങ്ങി
ആളുകൾ പിന്നെയും വീടണയുന്നു
മുൻവിതിയില്ലാ പ്രവൃത്തിയിലെല്ലാം
മനുഷ്യാ നിൻ ദുർവിധി തന്നേ.


*ദേവാഞ്ജന പി.കെ 8B*



# അവൻ

കടൽ
തുഴയെറിഞ്ഞ്
അവനെ
തുഴയാൻ പഠിപ്പിച്ചത്
കരയിൽ
കടലിരമ്പുമ്പോൾ
കാവലാവാനാണ്
കരയിലടുപ്പിക്കാതെ
നീയവനെ
കടലിലെറിഞ്ഞു
കളഞ്ഞുവെങ്കിലും
ഓരോ
കടലിളക്കത്തിലും
കരയിലെത്തിനോക്കി
അവൻ
തിരിച്ചുപോകാറുണ്ട്
ഒടുവിൽ
കരയിലെ
കരയിലെ
കയത്തിലാണ് നീ

അവിനവ് 8.C



# അമ്മ

അമ്മയുടെ ചൂടിനപ്പുറത്ത്
മറ്റൊരു ലോകം ഇതൾ വിരിയുന്നു
ആരുമറിയാതിരിക്കട്ടെ
ഈ മരുതുലോകമെന്ന


കരുതുമ്പോഴും...കൂടുതൽ
പാഴ് ജന്മങ്ങൾ

ഇവിടെ പുഴുക്കളെ പോലെ...
ആരും ആർക്കും സ്നേഹം
വിളമ്പാത്ത മറ്റൊരു മായാലോകം

മായാജാല വിദ്യ....

മുഹമ്മദ് കെ .ടി 8C





കാവ്യശ്രീ 10A



# FROM BUDHA...

1.

One day a rich lady prayed to Budha... "Bhagavan, I want happiness".
Budha told her
First remove the word "I" that is your ego. Then remove the second word "want"that is your desire.
Now the last word "Happiness" is there in your heart.

2.

If you speak to a stone or a flower people will say that you are a mad man
But
When you do the same thing in a temple people will say that you are very pious

3.

Happiness is like a butterfly,when u try to catch it,it will fly away. When you do all your duties and take rest in a garden,it will come and sit on your shoulder

4.

Yesterday is gone...it will never come back tomorrow is uncertain. You don’t know what will happen.
Today is the only reality
So live today and make happiness for you for the world around you

*Collected By: Dr. Johnson George*

## ഗ്രാമീണത






അമയരാജീവ് 8B



# പുലർകാലം




മാളവിക പി ടി കെ



# ഹംപിയിലേക്കൊരു യാത്ര

മനുഷ്യജീവിത്തിലെ ഏറ്റവും മനോഹരമായ കാലം അവന്റെ വിദ്യാർഥി ജീവിതമാണ്.ഈ മധുരമായ വിദ്യാലയകാലത്തിലെ ഏറ്റവും മനോഹരമായ ചില ദിവസങ്ങളായിരുന്നു ഈ ടൂർ ഞങ്ങൾക്ക് സമ്മാനിച്ചത്.വാക്കുകളിലൊതുക്കാൻ കഴിയുന്നതിലും രസകരമായിരുന്നു ഞങ്ങളുടെ ഹംപി പഠനയാത്ര.കൈലാസം ബസ്സിലാണ് ഞങ്ങൾ 46 വിദ്യാർഥികളും 7 അധ്യാപകരുമടങ്ങുന്ന സംഘം കർണ്ണാടകയിലേക്ക് യാത്ര തിരിച്ചത്.യാത്രാ വേളയിൽ കൂട്ടുകാർക്കൊപ്പം അടിച്ചു പൊളിച്ചു.ഏകദേശം രാത്രിയിലാണ് കർണ്ണാടകയിലേക്ക് കടക്കുന്നത്.നല്ല തണുപ്പുണ്ടായിരുന്നു. പുലർച്ചെ 4 മണിക്ക് ചിത്രദുർഗ ജില്ലയിലെത്തി. ആദ്യ സന്ദർശനം കോട്ടയായിരുന്നു. അതി മനോഹരമായചിത്രങ്ങൾ കൊത്തിയെടുത്തതിനാലാണ് ചിത്രദുർഗ എന്ന് പേരു വന്നത്.ഏകദേശം 18ാം നൂറ്റാണ്ടിനു മുമ്പാണ് ഈ കോട്ട പണി കഴിപ്പിച്ചത്.രാജാക്കൻമാരുടെ എണ്ണ സംഭരണികളും മഴ വെള്ള സംഭരണികളും അവിടെ കാണാൻ കഴിഞ്ഞു.അതിനു ശേഷം മറ്റൊരു ഗുഹ സന്ദർശിച്ചു.ഭക്ഷണ ശേഷം ഹംപിയിലേക്ക് യാത്ര പുറപ്പെട്ടു.ആദ്യ ദിവസത്തെ അനുഭവം നയന പങ്കു വെച്ചു.സംഗീത മുഖരിതമായ ആ യാത്രയിൽ കാറ്റാടിപ്പാടങ്ങൾ ഞങ്ങളെ നോക്കി

കൈ വീശിക്കൊണ്ടിരുന്നു.അന്ന് രാത്രിയോടെ റൂമിലെത്തി.
പിറ്റേ ദിവസം ഹംപി ഒരുപാട് രാജാക്കൻമാരുടെ
കാൽപ്പാദങ്ങൾ പതിഞ്ഞ പുണ്യ ഭൂമി ആനന്ദത്തോടെയാണ്
ഞങ്ങളെ വരവേറ്റത്.ആനന്ദം എന്ന സിനിമയുടെ ഓർമ്മയാണ്
അവിടെയെത്തിയപ്പോൾ ഓർമ്മ വന്നത്.വിടാല ടെമ്പിളും
മ്യൂസിയവും ,ആനപ്പന്തിയും ,വിരൂപാ ക്ഷേത്രവുമെല്ലാം ഇന്നും
മുന്നിൽ തെളിഞ്ഞു നിൽക്കുന്നു.രാമായണത്തിൽ
പരാമർശിച്ചിട്ടുള്ള ബാലികേറാമലയും നേരിട്ട് കാണാനാവുമെന്ന്
ഒരിക്കലും കരുതിയിരുന്നില്ല.മണ്ണും ചുണ്ണാമ്പു കല്ലും മുട്ടയും
ശർക്കരയും കൊണ്ട് നിർമ്മിച്ച ചുമരുകളിൽ അക്കാലത്തെ
ജീവിത രീതികളുടെ ചിത്രങ്ങൾ വ്യക്തമായി
കാണാം.ചൈനയുമായുള്ള വ്യാപാരവും ,ആഘോഷങ്ങളുമെല്ലാം
അതിൽ കാണാം.കരിമ്പ് തോട്ടങ്ങൾ പച്ച വിരിച്ച മണ്ണിനെ മുട്ടി
നിൽക്കുന്ന ആകാശത്ത് ചുവന്ന പൊട്ട് പോലെ
പ്രകാശിച്ചിരിക്കുന്ന സൂര്യൻ.കൃഷ്ണദേവരായരുടെ പ്രതിമ കണ്ടതും
മറക്കാനാവാത്ത അനുഭവമാണ്.പാറകൾ അടുക്കി വെച്ച
മലനിരകളും വ്യത്യസ്ത ജീവിതങ്ങളും കാഴ്ചക്ക് മിഴിവേകുന്നു.
അടുത്ത ദിവസം മൈസൂരിലെ ചാമുണ്ഡിഹിൽസ് സന്ദർശിച്ചു ആ
കുന്നിൽ നിന്ന് നോക്കിയാൽ മൈസൂർ നഗരം മുഴുവൻ താഴെ
കാണാവുന്നതാണ്.ടിപ്പുവിന്റെ കോട്ടയും കാണാൻ കഴിഞ്ഞു .
ടിപ്പുവും ഹൈദരലിയുമെല്ലാം അലങ്കരിച്ച സിംഹാസനങ്ങൾ
ഇന്നും പ്രൗഢമായി നിലകൊള്ളുന്നു..കൊട്ടാരത്തിന്റെ
നിർമാണശൈലി എന്നെ വിസ്മയിപ്പിച്ചു. അതിനു ശേഷം
ബേർഡ്സ് സാങ്ച്വറി കണ്ടു. മൂന്നു ദിവസങ്ങൾ കൊണ്ട് കണ്ട
സ്ഥലങ്ങളിൽ വച്ച് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് വൃന്ദാവൻ
ഗാർഡനാണ്.കണ്ണിനെ കുളിരണിയിപ്പിക്കുംവിധം മനോഹരം

വാട്ടർഷോയ്ക്കുശേഷം ഡി . ജെ പാർട്ടിയുമുണ്ടായിരുന്നു

ഭക്ഷണശേഷം കർണാടകയിൽ നിന്നു മടങ്ങി.

ബസ്സിൽ വച്ച് വിദ്യാർഥികളും അധ്യാപികരുമെല്ലാം പാട്ടു പാടി.

അടിപൊളിയായിരുന്നു ഈ പഠനയാത്ര .ഭക്ഷണവും

അടിപൊളിയായിരുന്നു..കർണ്ണാടകയിലെ അഞ്ചോളം

ജില്ലകളിലൂടെ ഞങ്ങള് സഞ്ചരിച്ചു . വിനോദം എന്നതിനുപുറമെ
ചരിത്രത്തെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും അവിടത്തെ

ജീവിതത്തെക്കുറിച്ചും. കൂടി അറിയാൻ സഹായിച്ച ഒരു

യാത്രയായിരുന്നു. ഒരിക്കലും മറക്കാൻ കഴിയാത്ത
ഒരനുഭവമായിരുന്നു ഈ പഠനയാത്ര

**അമയ അശോക്10A**



# എന്റെ ഗ്രാമം




അമയ എം എം 8 B



# തുള്ളൽ പാട്ട്

എന്നാലിനിയൊരു കഥയുര ചെയ്യാം
എന്നുടെ ഗുരുവര നരുളിയപോലെ
മായം ചേർക്കും ധനമോഹികളുടെ
മറിമായത്തി ൻ കഥയിതു കേൾക്കിൻ
നിത്യം നിത്യം നമ്മൾ കഴിച്ചിട്ടു
മാഹാരത്തിൽ  പലവിധ മായം
എണ്ണയി ൽ മായം വെണ്ണയിൽ  മായം
മണ്ണെണ്ണയിലും കാണാം മായം
മോടിയിലെന്നും നമ്മൾ ധരിക്കും
തുണിത്തര ങ്ങളിലൊത്തിരി മായം
എന്തൊരു കഷ്ടം നമ്മൾ കുടിക്കും
കുടി വെള്ളത്തിൽ പോലും മായം

രോഗം മാറ്റാൻ നമ്മൾ കഴിക്കും
മരുന്നിലുമുണ്ടേ ചെറിയൊരു മായം
വീടുകൾ കെട്ടാൻ നമ്മൾ വാങ്ങും
സിമന്റിലുമുണ്ടേ പലമായം
മിന്നുവതെല്ലാം പൊന്നല്ലല്ലോ
പൊന്നിലുമുണ്ടെന്നറിയുക മായം
എന്തോ പറയാൻ സർവ്വതുമയ്യോ

മായം മായം നമ്മുടെ നാട്ടിൽ
പണമുണ്ടാക്കാൻ പാതകമിങ്ങനെ
ചെയ്തു രമിക്കും ജനവഞ്ചകരേ
മായം ചേർത്തു മനുഷ്യരെയെല്ലാം
മാറാരോഗികളാക്കീടരുതേ

***അഭിനവ് കെ 8 E***